**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 687** **24-06-2026-ൽ മറുപടിയ്ക്ക്**

**<u>മടിക്കൈ, കോടോത്ത് ഗവ: ഐ. ടി. ഐ -കളിൽ പുതിയ ട്രേഡുകൾ ആരംഭിക്കുന്നത് സംബന്ധിച്ച്</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ഗോവിന്ദൻ പള്ളിക്കാപ്പിൽ

ശ്രീ. ഷിബു ബേബി ജോൺ
(വനം, വന്യജീവി - നൈപുണ്യ വികസന
വകുപ്പ് മന്ത്രി)

**(എ)** ഐ. ടി. ഐ. -കളിൽ തൊഴിൽ സാധ്യതയുള്ള പുതിയ ട്രേഡുകൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;

**<u>മറുപടി:</u>** ഐ.ടി.ഐ വിദ്യാഭ്യാസത്തിൽ സമഗ്ര പരിഷ്കാരം കൊണ്ട് വരുവാൻ സർക്കാർ ഉദ്ദേശിക്കുന്നു. ആയതിന്റെ ഭാഗമായി, തൊഴിൽ സാധ്യത കൂടുതലുള്ള പുതിയ ട്രേഡുകൾ ആരംഭിക്കുന്നത് പരിശോധിക്കുന്നതാണ്.

**(ബി)** കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിലെ മടിക്കൈ ഗവൺമെന്റ് ഐ. ടി. ഐ., കോടോത്ത് ഗവൺമെന്റ് ഐ. ടി. ഐ. എന്നിവിടങ്ങളിൽ പുതിയ ട്രേഡുകൾ ആരംഭിക്കുന്നതിന് വകുപ്പുതല ശിപാർശകൾ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ;

**<u>മറുപടി:</u>** കാഞ്ഞങ്ങാട് നിയോജക മണ്ഡലത്തിലെ മടിക്കൈ ഗവ. ഐ.ടി.ഐ-യിൽ നിന്നും പുതിയ ട്രേഡുകൾ ആരംഭിക്കുന്നതിനുള്ള ശിപാർശ 2025-ൽ സർക്കാരിൽ ലഭിച്ചിരുന്നുവെങ്കിലും, മുൻ സർക്കാർ പുതിയ ട്രേഡുകൾ ആരംഭിച്ചിരുന്നില്ല.

കോടോത്ത് ഗവ.ഐ.ടി.ഐ (കോടോംബേളൂർ)-ൽ നിന്നും പുതിയ ട്രേഡുകൾ ആരംഭിക്കുന്നതിലേക്കായി ശിപാർശകളൊന്നും ലഭ്യമായിട്ടില്ല.

**(സി)** വകുപ്പുതല ശിപാർശ പരിഗണിച്ച് പുതിയ ട്രേഡുകൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

**<u>മറുപടി:</u>** ഐ.ടി.ഐ-കളിൽ പുതിയ ട്രേഡുകൾ ആരംഭിക്കുന്നതിനുള്ള ശിപാർശകൾ ലഭ്യമാകുന്നമുറയ്ക്ക്, ആയത് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**